കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് — ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി, കോന്നി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഓരോ സാനിട്ടറി ഇൻസ്പെക്ടർ തസ്തിക സൃഷ്ടിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇ.പി.എ.) വകുപ്പ്**

സ.ഉ.(കൈ) നം.50/2016/തസ്വഭവ തീയതി, തിരുവനന്തപുരം 04/03/2016

പരാമർശം: പഞ്ചായത്ത് ഡയറക്ടറുടെ 23.8.2014, 17.11.2014 തീയതികളിലെ ഇ 10-30859/14 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

മലിനീകരണ പ്രശ്നങ്ങൾ രൂക്ഷമായതും നഗര സ്വഭാവമുള്ളതുമായ പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി, കോന്നി, പന്തളം എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഓരോ സാനിട്ടറി ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്നതിലൂടെ മലിനീകരണ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകും എന്നതിനാൽ ആയതിലേക്ക് പരാരമർശത്തിലെ 23.08.2014-ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം സമർപ്പിച്ചു.

നഗരസ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകളിലെ ദൈനംദിന പ്രവൃത്തികൾ സുഗമമായി നടത്തുന്നതിനായി ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനവും ഗ്രാമപഞ്ചായത്തുകളിലെ സാനിട്ടറി ഇൻസ്പെക്ടർമാരുടെ സേവനവും സംയോജിപ്പിച്ചു കൊണ്ടുള്ള ഒരു സേവന സംവിധാനം അനിവാര്യമാണെന്ന് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഒരു സാനിട്ടറി ഇൻസ്പെക്ടറുടെ തസ്തിക സൃഷ്ടിക്കുമ്പോൾ വേണ്ടി വരുന്ന അധിക സാമ്പത്തിക ബാദ്ധ്യത പ്രതിവർഷം 2,44,224 -രൂപയാണെന്നും ഗ്രാമപഞ്ചായത്തുകളുടെ ഫണ്ട് ടി ചെലവ് കണ്ടെത്തുന്നതിന് പര്യാപ്തമാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശത്തിലെ 17.11.2014-ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി, കോന്നി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഓരോ 'സാനിട്ടറി ഇൻസ്പെക്ടർ' തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.ഐ. ഷെയ്ക്ക് പരീത്.ഐ.എ.എസ്**

ഗവ. സ്പെഷ്യൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3. സെക്രട്ടറി/പ്രസിഡന്റ്, മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്.
4. സെക്രട്ടറി/പ്രസിഡന്റ്, കോന്നി ഗ്രാമപഞ്ചായത്ത്.
5. പ്രിൻസിപ്പൽ എ.ജി. (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
6. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
7. പൊതുഭരണ (എസ്. സി) വകുപ്പ് (24/02/2016 ലെ ഇനം നമ്പർ 8432)
8. ധനകാര്യ വകുപ്പ് (16.02.2016 ലെ ഡെവ.1/15/2015/ ധന നമ്പർ പ്രകാരം)
9. ഡയറക്ടർ ഐ.കെ.എം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ